# കേരള സർവകലാശാല

നം. പി.ആർ.257/2017 ഫോൺ : 2305738

## പത്രക്കുറിപ്പ്

## ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനം – 2017
## ജനറൽ/മറ്റ് സംവരണ വിഭാഗങ്ങൾക്ക് മേഖലാതലത്തിലുള്ള സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. കൊല്ലം, അടൂർ മേഖലകളിൽ നവംബർ 27-നും ആലപ്പുഴ, തിരുവനന്തപുരം മേഖലകളിൽ നവംബർ 28-നും.

2017-18-ലെ ഒന്നാം വർഷ ബിരുദാനന്തരബിരുദ പ്രവേശനവുമായി ബന്ധപ്പെട്ട് ഒഴിവുള്ള ജനറൽ/മറ്റ് സംവരണസീറ്റുകളിലേയ്ക്ക് മേഖലാതലത്തിൽ സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നു. കൊല്ലം, അടൂർ മേഖലകളിൽ നവംബർ 27-നും ആലപ്പുഴ, തിരുവനന്തപുരം മേഖലകളിൽ നവംബർ 28-നും ആണ് സ്പോട്ട് അലോട്ട്മെന്റ് നടത്തുന്നത്. ഓരോ മേഖലയിലും ഉൾപ്പെടുത്തിയിരിക്കുന്ന കോളേജുകളുടേയും ഒഴിവുള്ള സീറ്റുകളുടെയും വിശദവിവരം സർവകലാശാല വെബ്സൈറ്റിൽ (http://admissions.keralauniversity.ac.in) പ്രസിദ്ധീകരിക്കും.

കൊല്ലം മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കൊല്ലം എസ്.എൻ.കോളേജിലും അടൂർ മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ അടൂർ സെന്റ് സിറിൾസ് കോളേജിലും നവംബർ 27-ന് ഹാജരാകേണ്ടതാണ്. തിരുവനന്തപുരം മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ കേരള സർവകലാശാല സെനറ്റ് ഹാളിലും ആലപ്പുഴ മേഖലയിലുള്ള കോളേജുകളിൽ പ്രവേശനം നേടാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ ആലപ്പുഴ എസ്.ഡി. കോളേജിലും നവംബർ 28-ന് ഹാജരാകേണ്ടതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കുവാൻ താൽപര്യമുള്ളവർ രാവിലെ 9 മണിക്കും 11 മണിക്കും മദ്ധ്യേ ഓൺലൈൻ അപേക്ഷയുടെ പ്രിന്റ് ഔട്ട് സഹിതം ഹാജരായി രജിസ്റ്റർ ചെയ്യേണ്ടതാണ്. പ്രിന്റൗട്ട് കൈവശമില്ലാതെ വരുന്ന വിദ്യാർത്ഥികളെ പരിഗണിക്കുന്നതല്ല. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ സ്പോട്ട് അലോട്ട്മെന്റിൽ പ്രവേശനം ഉറപ്പായാൽ മാത്രമേ ടി.സി.വാങ്ങുവാൻ പാടുള്ളൂ. ഇതുവരെ പ്രവേശനം ലഭിക്കാതെ സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന വിദ്യാർത്ഥികളുടെ കൈവശം യോഗ്യത, ജാതി എന്നിവ തെളിയിക്കുന്ന അസ്സൽ സർട്ടിഫിക്കറ്റുകൾ ഉണ്ടായിരിക്കണം. നിലവിൽ കോളേജുകളിൽ പഠിച്ചുകൊണ്ടിരിക്കുന്ന വിദ്യാർത്ഥികൾ കോളേജിൽ നിന്നും ലഭിച്ച തിരിച്ചറിയൽ കാർഡ്, ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട് എന്നിവ നിർബന്ധമായും ഹാജരാക്കേണ്ടതാണ്.

സ്പോട്ട് അലോട്ട്മെന്റിൽ പങ്കെടുക്കാൻ വരുന്ന ആർക്കും തന്നെ സർട്ടിഫിക്കറ്റ് ഹാജരാക്കുവാൻ പ്രത്യേക സമയം അനുവദിക്കുന്നതല്ല. കോളേജും കോഴ്സും അലോട്ട് ചെയ്തു കഴിഞ്ഞാൽ യാതൊരു കാരണവശാലും മാറ്റം അനുവദിക്കുകയില്ല. രജിസ്ട്രേഷൻ സമയം (രാവിലെ 9 മുതൽ 11 മണി വരെ) കഴിഞ്ഞു വരുന്നവരെ ഒരു കാരണവശാലും പരിഗണിക്കുന്നതല്ല.

രജിസ്ട്രേഷൻ സമയത്ത് റിപ്പോർട്ട് ചെയ്യുന്ന വിദ്യാർത്ഥികളിൽ നിന്നും സർവകലാശാല തയ്യാറാക്കുന്ന റാങ്ക് പട്ടികയുടെ അടിസ്ഥാനത്തിലാണ് പ്രവേശനം നടക്കുക. ഓൺലൈൻ അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ അഭാവത്തിൽ മാത്രമേ ഓൺലൈൻ രജിസ്ട്രേഷൻ ഇല്ലാത്തവരെ പരിഗണിക്കുകയുള്ളൂ.

അലോട്ട്മെന്റ് ലഭിച്ചാൽ ഉടൻ തന്നെ ഒടുക്കേണ്ടതായ പ്രവേശന ഫീസ് (ജനറൽ/എസ്.സി.ബി.സി. വിഭാഗങ്ങൾക്ക് 910/- രൂപയും ഒ.ഇ.സി.വിഭാഗങ്ങൾക്ക് 350/- രൂപയും) കൈയിൽ കരുതേണ്ടതാണ്. ഇതിനായി കൂടുതൽ സമയം അനുവദിക്കുന്നതല്ല. പ്രവേശന ഫീസ് മുൻപ് ഒടുക്കിയിട്ടുള്ള വിദ്യാർത്ഥികൾ ഈ തുക വീണ്ടും ഒടുക്കേണ്ടതില്ല. ആയതിനാൽ അവർ ഈ തുക ഒടുക്കിയ രസീതിന്റെ പകർപ്പ് നിശ്ചയമായും കൈവശം സൂക്ഷിക്കേണ്ടതാണ്.

ജനറൽ/മറ്റ് സംവരണവിഭാഗങ്ങൾക്കുള്ള സ്പോട്ട് അലോട്ട്മെന്റ് ആരംഭിക്കുന്നതിന് മുൻപ് എസ്.സി./എസ്.ടി.വിഭാഗങ്ങൾക്ക് ഒരു അവസരം കൂടി നൽകുന്നതാണ്. എസ്.സി/എസ്.ടി. സംവരണസീറ്റുകളിലേയ്ക്ക് പ്രവേശനം ആഗ്രഹിക്കുന്ന വിദ്യാർത്ഥികൾ മേൽപ്പറഞ്ഞ തീയതികളിലും സ്ഥലങ്ങളിലും രാവിലെ 9 മണിക്ക് ഹാജരാകണം. എസ്.സി./എസ്.ടി. വിഭാഗങ്ങളിലുള്ളവരെ പരിഗണിച്ചശേഷം ആ വിഭാഗങ്ങളിൽ ഒഴിവുവരുന്ന സീറ്റുകൾ നിയമാനുസൃതമായി മറ്റ് വിഭാഗങ്ങളിലേയ്ക്ക് മാറ്റുന്നതാണ്.

*(എല്ലാ എഡിഷനുകളിലും പ്രസിദ്ധീകരിക്കുന്നതിന്)*

## ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ബി.എസ്.ഡബ്ല്യൂ/ബി.പി.എ/ബി.വോക്/ബി.ബി.എ പരീക്ഷ

കേരള സർവകലാശാലയുടെ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് ബി.എ/ബി.എസ്സി/ബി.കോം/ബി.സി.എ/ബി.എസ്.ഡബ്ല്യൂ/ബി.പി.എ/ബി.വോക്/ബി.ബി.എ പരീക്ഷകൾ ഡിസംബർ 14 മുതൽ ആരംഭിക്കും. വിശദമായ ടൈംടേബിൾ(ww.keralauniversity.ac.in) വെബ്സൈറ്റിൽ യഥാസമയം പ്രസിദ്ധീകരിക്കുന്നതാണ്.

## എം.എ റഷ്യൻ പാർട്ട് ടൈം – ത്രിവത്സരം അപേക്ഷ ക്ഷണിച്ചു

കേരള സർവകലാശാല റഷ്യൻ പഠന വകുപ്പ് നടത്തുന്ന എം.എ റഷ്യൻ (പാർട്ട് ടൈം – ത്രിവത്സരം – 2017–20) കോഴ്സിന് അപേക്ഷ ക്ഷണിച്ചു. യോഗ്യത : റഷ്യൻ രണ്ടാം ഭാഷയായുള്ള (ബി.എ, ബി.എസ്സി റഷ്യൻ സെക്കന്റ് ലാംഗ്വേജ്) കേരള സർവകലാശാല ബിരുദം അല്ലെങ്കിൽ അംഗീകൃത ബിരുദത്തോടൊപ്പം കേരള സർവകലാശാലയുടെ റഷ്യൻ ഡിപ്ലോമ/ റഷ്യൻ ഇന്റഗ്രേറ്റഡ് ഡിപ്ലോമ അല്ലെങ്കിൽ കേരള സർവകലാശാല അംഗീകൃത തത്തുല്യ യോഗ്യത. പൂരിപ്പിച്ച അപേക്ഷ ഡിസംബർ 22 നകം പാളയം സെനറ്റ് ഹൗസ് ക്യാമ്പസിലെ റഷ്യൻ പഠന വകുപ്പ് ഓഫീസിൽ ലഭിച്ചിരിക്കണം. ക്ലാസ്സുകൾ രാവിലെ 10 മുതൽ ഉച്ചയ്ക്ക് 2.30 വരെ.

## പ്രോജക്ട് ഫെലോ

കേരള സർവകലാശാലയുടെ കാര്യവട്ടം ഒപ്റ്റോഇലക്ട്രോണിക്സ് പഠനവകുപ്പിൽ സയൻസ് & എൻജിനീയറിംഗ് റിസർച്ച് ബോർഡിന്റെ പ്രോജക്ടിന്, പ്രോജക്ട് ഫെലോയുടെ ഒഴിവിലേക്ക് അപേക്ഷ ക്ഷണിച്ചു. അപേക്ഷിക്കേണ്ട അവസാന തീയതി ഡിസംബർ 11. വിശദവിവരം (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## ബി.ടെക് ഓൺലൈൻ രജിസ്ട്രേഷൻ

കേരള സർവകലാശാല എട്ടാം സെമസ്റ്റർ ബി.ടെക് പാർട്ട് -ടൈം റീസ്ട്രക്ച്ചേർഡ് (2008 സ്കീം സപ്ലിമെന്ററി) പരീക്ഷയുടെ ഓൺലൈൻ രജിസ്ട്രേഷൻ നവംബർ 27 മുതൽ ആരംഭിക്കുന്നതാണ്. പരീക്ഷയ്ക്ക് പിഴ കൂടാതെ ഡിസംബർ നാല് (50 രൂപ പിഴയോടെ ഡിസംബർ ആറ്, 125 രൂപ പിഴയോടെ ഡിസംബർ എട്ട്) വരെയും അപേക്ഷിക്കാവുന്നതാണ്. 2010 & 2011 അഡ്മിഷൻ വിദ്യാർത്ഥികൾ അപേക്ഷകൾ നേരിട്ട് സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്. വിശദവിവരങ്ങൾ (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## വാക്ക്-ഇൻ-ഇന്റർവ്യൂ

കേരള സർവകലാശാലയുടെ കാര്യവട്ടം എഞ്ചിനീയറിംഗ് കോളേജിൽ സിവിൽ വിഭാഗത്തിൽ ഗസ്റ്റ് ലക്ചറുടെ ഒഴിവിലേക്കായി വാക്ക്-ഇൻ-ഇന്റർവ്യൂ നവംബർ 29 ന് പത്ത് മണിക്ക് നടത്തുന്നു. എ.ഐ.സി.റ്റി.ഇ മാനദണ്ഡങ്ങളനുസരിച്ച് യോഗ്യതയുള്ളവർ സർട്ടിഫിക്കറ്റുകളുടെ അസ്സലുമായി പ്രിൻസിപ്പാൾ മുമ്പാകെ ഹാജരാകേണ്ടതാണ്.

## ഹാൾടിക്കറ്റ് കൈപ്പറ്റണം

കേരള സർവകലാശാലയുടെ ഡിസംബർ ഒന്നിന് ആരംഭിക്കുന്ന മൂന്നാം വർഷ ബി.എ.എം.എസ് (സപ്ലിമെന്ററി) പരീക്ഷയ്ക്ക് അപേക്ഷിച്ചവർ അതാതു കോളേജുകളിൽ നിന്നും ഹാൾടിക്കറ്റ് കൈപ്പറ്റി തിരുവനന്തപുരം ഗവ. ആയുർവേദ കോളേജിൽ പരീക്ഷയ്ക്ക് ഹാജരാകേണ്ടതാണ്.

## ബി.എഡ് ഫലം

കേരള സർവകലാശാല മേയിൽ നടത്തിയ രണ്ടാം സെമസ്റ്റർ ബി.എഡ് ഡിഗ്രി പരീക്ഷയുടെ (2015 സ്കീം - റഗുലർ) ഫലം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## ബി.എഡ് ടൈംടേബിൾ

കേരള സർവകലാശാല ഡിസംബർ 13 ന് ആരംഭിക്കുന്ന ഒന്നാം സെമസ്റ്റർ ബി.എഡ് ഡിഗ്രി (2015 സ്കീം - റഗുലർ/ഇംപ്രൂവ്മെന്റ്/സപ്ലിമെന്ററി) പരീക്ഷയുടെ വിശദമായ ടൈംടേബിൾ (ww.keralauniversity.ac.in) വെബ്സൈറ്റിൽ ലഭിക്കും.

## വിദ്യാർത്ഥികൾ ഹാജരാകണം

കേരള സർവകലാശാല 2016 ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ ബി.കോം/ബി.എസ്സി (സി.ബി.സി.എസ്) പരീക്ഷ ഉത്തരകടലാസുകളുടെ സൂക്ഷ്മപരിശോധനയ്ക്കായി ഓൺലൈനായും ഓഫ്ലൈനായും അപേക്ഷിച്ചിട്ടുള്ള വിദ്യാർത്ഥികൾ തിരിച്ചറിയൽ കാർഡും ഹാൾടിക്കറ്റുമായി ഇ.ജെ II സെക്ഷനിൽ നവംബർ 27 മുതൽ ഡിസംബർ 14 വരെയുള്ള പ്രവൃത്തി ദിവസങ്ങളിൽ നേരിൽ ഹാജരാകേണ്ടതാണ്.

തിരുവനന്തപുരം.
25.11.2017

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ

**e-mail: ku.release@gmail.com** **website: www.keralauniversity.ac.in**

**University information is available on 0471-2305994, 155300 (BSNL Land line), 0471-155300 (from mobile) 0471-2115054 and 0471-2115098**